# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1633

14-12-2012 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷി വികസന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, നിലവിലുള്ള നെൽകൃഷി ചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തൃതി ചുരുങ്ങാതെ നോക്കുക, കൂടുതൽ സ്ഥലം നെൽകൃഷിയിലേയ്ക്ക് കൊണ്ടു വരിക, കർഷകരുടെ അറ്റാദായം വർദ്ധിപ്പിക്കൽ, ഭക്ഷ്യസുരക്ഷ കൈവരിക്കുക, നെൽവയലുകൾ സംരക്ഷിക്കുന്നതു വഴി ജലസ്രോതസ്സുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയാണ് നെൽകൃഷി വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) ഗ്രൂപ്പ് ഫാമിംഗ്, കരനെൽ കൃഷി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 2012-13 വർഷം ഹെക്ടറിന് 4000/- രൂപ നിരക്കിലുള്ള ആനുകൂല്യം നൽകി 67500 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. |

2012-13 വർഷം സംസ്ഥാനത്ത് കര നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി 3334 ഹെക്ടറിൽ നടപ്പിലാക്കി വരുന്നു. ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്ന 250 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) കരനെൽ കൃഷി വഴിയും തരിശുഭൂമി കൃഷിയോഗ്യമാക്കിയത് വഴിയും എത്ര ടൺ നെല്ല് അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2011-12 വർഷം കരനെൽകൃഷി പദ്ധതി 6539 ഹെക്ടറിലും തരിശുനിലകൃഷി വിവിധ പദ്ധതികളായി 3407 ഹെക്ടറിലും നടപ്പിലാക്കിയിട്ടുണ്ട്. കര നെൽക്കൃഷി പദ്ധതി നടപ്പിലാക്കിയത് വഴി ഹെക്ടറിന് 2 ടൺ പ്രകാരം 13000 ടണ്ണും തരിശുനിലകൃഷി നടപ്പിലാക്കിയത് വഴി ഹെക്ടറിന് 3 ടൺ പ്രകാരം 10000 ടണ്ണും നെല്ല് അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി വഴി എന്തെല്ലാം ധനസഹായങ്ങളാണ് നെൽകർഷകർക്ക് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) 2011-12 വർഷം കരനെൽകൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 5000/- രൂപ നിരക്കിൽ 327 ലക്ഷം രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. തരിശുനില കൃഷിക്കായി ആകെ 246.37 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.)

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | നടപ്പിലാക്കിയ വിസ്തൃതി (ഹെക്ടർ) | നിരക്ക് (ഹെക്ടർ) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|---|
| 1 | കരനെൽകൃഷി | 6539 | 5000 | 327.07 |
| 2 | തരിശ്ശുനിലകൃഷി- സുസ്ഥിര നെൽകൃഷി | 2516 | 5000 | 125.74 |
| 3 | തരിശ്ശുനിലകൃഷി- വനിതാ ഗ്രൂപ്പുകൾ വഴി | 732 | 10000 | 72.93 |
| 4 | തരിശ്ശുനിലകൃഷി- കുട്ടനാട് പാക്കേജ് | 125 | 30000 | 37.5 |
| 5 | തരിശ്ശുനിലകൃഷി- കോൺട്രാക്ട് ഫാമിംഗ് | 34 | 30000 | 10.2 |
| | ആകെ | | | 573.44 |

സെക്ഷൻ ഓഫീസർ